ട്ടില്ലേ?''

''എന്നാൽ വേഗം ഇങ്ങു വാ...'' അയാൾ പറഞ്ഞു.

''ചൊവ്വാഴ്ച രാവിലെ വണ്ടികേറാമെന്നാ വിചാരിക്കുന്നെ. വൈകുന്നേരം അവിടെയെത്തും.''

''കവിതേച്ചി വരുമോ?''

''വരാൻ സാധ്യത വളരെ കുറവാണ്. ഞാൻ തനിച്ചായിരിക്കും വരുന്നത്.''

ഹേമന്തിനു സന്തോഷമായി. ബുധനാഴ്ച പകൽ അവളെ കിട്ടും. അല്ലെങ്കിൽ വ്യാഴാഴ്ച. അതു കഴിഞ്ഞുമതി കൽക്കത്തയ്ക്കു വണ്ടി കയറുന്നത്.

''ഞാൻ കാത്തിരിക്കും.'' ഹേമന്ത് പറഞ്ഞു.

''വൈകുന്നേരം റെയിൽവേ സ്റ്റേഷനിൽ വരുമോ?'' അവൾ ചോദിച്ചു.

''എത്രമണിക്ക് വരും ആ വണ്ടി ഇവിടെ?''

''അഞ്ചരയാകുമ്പോൾ വരും. ഇത്തിരി ലേറ്റായാലും സാരമില്ല. ഏഴര വരെ ഹോസ്റ്റലിൽ കയറാം.'' അവൾ പറഞ്ഞു.

''അതു കഴിഞ്ഞാലോ?''

''കവിതേച്ചിയുടെ വീട്ടിൽ പോയി കിടക്കാമല്ലോ...''

''അവിടെ പ്രസാദേട്ടൻ മാത്രമേ കാണൂ.'' അയാൾ ഓർമ്മിപ്പിച്ചു.

''അല്ല. ഹേമന്തും വരണം. ഒറ്റയ്ക്കു ഞാനവിടെ പോകത്തില്ല.''

''എങ്കിൽ പ്രശ്നമില്ല. ഞാൻ വരാം. എന്തായാലും അന്ന് ട്രെയിൻ മൂന്നു മണിക്കൂറെങ്കിലും ലേറ്റാവണേ എന്നു ഞാൻ പ്രാർത്ഥിക്കാം.'' ഹേമന്ത് പറഞ്ഞു.

''പോടാ കള്ളാ.'' അവൾ ചിരിച്ചു.

''ശരി... വൈകിട്ട് വിളിക്കാം.''

കോൾ കട്ട് ചെയ്തിട്ട് അയാൾ പ്രസാദിന്റെ വീട്ടിലേക്കു പോയി.

അഥവാ ട്രെയിൻ കൃത്യസമയത്തുതന്നെ വന്നാലും ശ്രീജയെ ഹോസ്റ്റലിലേക്കു വിടില്ല. ട്രെയിൻ ലേറ്റാണെന്ന് പ്രസാദേട്ടനോടു വിളിച്ചുപറയും. ഹോസ്റ്റലിൽ ചെല്ലേണ്ട സമയം കഴിഞ്ഞെന്നും. എങ്കിൽ അവൾ വീട്ടിൽ വന്നു കിടക്കട്ടെയെന്ന് പ്രസാദേട്ടൻ പറയും.

അവളെ ഒറ്റയ്ക്കവിടെ താമസിപ്പിക്കാൻ ഒരു കാരണവശാലും പ്രസാദേട്ടൻ തയ്യാറാവില്ല. നീയുംകൂടെ പോരൂ എന്ന് പ്രസാദേട്ടൻ പറയും.

പ്രസാദേട്ടൻ ഉറങ്ങിക്കഴിഞ്ഞാൽ...

ഹേമന്ത് അറിയാതെ ഒന്നു ചിരിച്ചു. ദൈവം തന്നെ ഓരോ വഴികൾ മുമ്പിൽ തുറന്നുതരുന്നു.

പ്രസാദിന്റെ വീട്ടുമുറ്റത്തു ചെന്ന് ബൈക്ക് നിന്നു. ഹെൽമറ്റ് ഊരിയെടുത്ത് വണ്ടിയിൽ തൂക്കിയിട്ടിട്ട് അയാൾ വീട്ടിലേക്കു കയറിച്ചെന്നു.

സ്വീകരണമുറിയിൽ പ്രസാദചന്ദ്രൻ ഒറ്റയ്ക്ക് ഇരിക്കുന്നുണ്ടായിരുന്നു. അയാൾ ചെന്ന് സെറ്റിയിൽ എതിർവശത്ത് ഇരുന്നു.

ഹേമന്ത് പ്രതീക്ഷിച്ച സന്തോഷം പ്രസാദിന്റെ മുഖത്ത് ഉണ്ടായിരുന്നില്ല.

''എന്തു പറ്റി പ്രസാദേട്ടാ... ഒരു മൂഡില്ലാത്തതുപോലെ?'' അയാൾ ചോദിച്ചു.

''മൂഡുണ്ടാക്കാനല്ലേ നിന്നെ വിളിച്ചത്?''

''എങ്കിൽ സാധനം എടുത്തോണ്ടു വാ... ഗ്ലാസ് ഊണുമുറിയിൽ കാണുമല്ലോ. ഞാനെടുത്തോണ്ടു വരാം. ചിപ്സോ അച്ചാറോ ഒക്കെ അലമാരയിൽ കാണാതിരിക്കത്തില്ല.''

''നീയവിടിരിക്ക്.'' അയാൾ എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ പ്രസാദ് പറഞ്ഞു.

ഹേമന്ത് വീണ്ടും ഇരുന്നു.

''എനിക്കു നിന്നോട് ചില കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്. അതിനാ നിന്നെയിപ്പോൾ വിളിപ്പിച്ചത്.''

പ്രസാദിന്റെ സ്വരത്തിലെ ഗൗരവഭാവം കണ്ടപ്പോൾ ഹേമന്ത് ഒന്നു പരുങ്ങി. എന്തോ പ്രശ്നമുണ്ടെന്ന് അയാൾക്കു തോന്നി.

''എന്താ പ്രസാദേട്ടാ?''

''ശ്രീജയുടെ കാര്യത്തിൽ നീയെന്തു തീരുമാനമാ എടുത്തിട്ടുള്ളത്?''

''അവൾ പറഞ്ഞത് മാർച്ചിൽ കല്യാണം നടത്താമെന്നാണ്. കല്യാണം കഴിഞ്ഞാൽ രണ്ടുമാസം വെക്കേഷൻ കിട്ടുമല്ലോ. ഹണിമൂണിന് പ്രത്യേകിച്ചു ലീവെടുക്കേണ്ടി വരത്തുമില്ല...'' ഹേമന്ത് പറഞ്ഞു.

''അവളുടെ വീട്ടിൽ ചെന്ന് പെണ്ണാലോചിക്കണ്ടേ?''

''വേണം. അതിന് എന്റെകൂടെ പ്രസാദേട്ടനും കവിതേച്ചിയും വരണം. എന്റെ മൂത്ത ചേട്ടന്റെ സ്ഥാനത്തു നിന്നുകൊണ്ട് പ്രസാദേട്ടൻ വേണം എല്ലാം നടത്തിത്തരാൻ.''

''മാർച്ചാകാൻ ഇനി രണ്ടുമാസമല്ലേയുള്ളൂ. അങ്ങനാണെങ്കിൽ അടുത്താഴ്ച നമുക്കവളുടെ വീട്ടിൽ പോയാലോ?'' പ്രസാദ് ചോദിച്ചു.

''അതിന് കവിതേച്ചി നിലമ്പൂർക്കു പോയിരിക്കുവല്ലേ? എന്ന് തിരിച്ചുവരുമെന്നറിയത്തില്ലല്ലോ. വന്നിട്ട് നമുക്ക് പോകുന്ന കാര്യം തീരുമാനിക്കാം.''

''അതുമതി. ഇനി എനിക്ക് ഒരുകാര്യം കൂടി അറിയണം. നിന്റെ മാത്രമല്ല, ശ്രീജയുടെയും മൂത്ത സഹോദരന്റെ സ്ഥാനത്തു നിന്നുകൊണ്ടാ ഞാൻ നിങ്ങളുടെ കല്യാണം നടത്താൻ പോകുന്നത്. അവൾക്ക് അച്ഛനും അമ്മയും ഇല്ലല്ലോ...'' പ്രസാദ് പറഞ്ഞു.

''അതൊക്കെ എനിക്കറിയാം. അവൾ എല്ലാം പറഞ്ഞിട്ടുണ്ട്.''

''അപ്പോൾ അവളുടെ കാര്യത്തിലുള്ള ഉത്തരവാദിത്വവും എനിക്കാണ്. കല്യാണപ്പന്തലിൽ നിങ്ങൾ രണ്ടുപേരും നിൽക്കുമ്പോൾ നിന്റെ കാമുകിയാണെന്നും പറഞ്ഞ് ഏതെങ്കിലും പെണ്ണ് കയറിവരാൻ സാധ്യതയുണ്ടോ?''

പെട്ടെന്ന് ഹേമന്തിന്റെ മുഖം വിളറി.

''ആ രജനിയുടെ കാര്യം വച്ചാണ് പ്രസാദേട്ടൻ ഇങ്ങനൊരു ചോദ്യം ചോദിച്ചതെന്ന് എനിക്കു മനസിലായി. ഞങ്ങൾ തമ്മിൽ അങ്ങനുള്ള ഒരു ബന്ധവുമില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ലേ? എന്നിട്ടും പ്രസാദേട്ടൻ എന്നെ സംശയിക്കുകയാണ്...'' പരിഭവത്തോടെ അയാൾ പറഞ്ഞു.

പെട്ടെന്ന് ഊണുമുറിയിൽനിന്ന് രജനി എഴുന്നേറ്റ് സ്വീകരണമുറിയിലേക്കു വന്നു. പിന്നാലെ സുജാതയും.

രണ്ടുപേരെയും കണ്ട് ഹേമന്ത് നടുങ്ങി.

(തുടരും)

## കവിത

കാരൂർ സോമൻ



# ഋതുഭേദങ്ങൾ



ഒരു സന്ധ്യയിൽ
ഓർമ്മമങ്ങിയ സിന്ദൂരപ്പൊട്ടു പോലെ
എൻെറ ഹൃദയത്തിനു മേലെ
നീ കൊളുത്തിയൊരു
ഭൂകമ്പമാണ് ഈ കളിവാച്ച്

കാലത്തിനു മുമ്പേ നടന്ന്
കഥകളിലെ ദുരൂഹതകളായി
കൈപിടിച്ച്
കാമമോഹിതം വെറുതെ
ഈ ഞാൻ

നമ്മുടെ സൃഷ്ടിപരതയിൽ നിന്നും
ഊറ്റം കൊണ്ട്
ഒരു കൊള്ളിമീൻ അകമ്പടി
പോലെ വശീകരിക്കപ്പെട്ട
തുലാമഴ